സ്ലം ക്ലീയറൻസ് പദ്ധതി.

*1518. [6] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുനിസിപ്പാലിറ്റിയിലേക്ക് സ്ലം ക്ലീയറൻസ് (Slum clearance) പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഒട്ടാകെ നീക്കി വച്ചിരുന്ന തുക എത്രയാണ്;

(ബി) ഇതിന്റെ പ്രവർത്തനത്തിനു വേണ്ട സ്ഥലം തിരഞ്ഞെടുത്തു പ്രവർത്തനമാരംഭിക്കാൻ പോകുന്ന ഈ വകുപ്പിൽ അതായത് നിറുത്തിവയ്ക്കണമെന്നും സർക്കാരിന്റെ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) ഏഴുലക്ഷം രൂപ.

(ബി, സി) ഉണ്ട്. മുനിസിപ്പാലിറ്റിയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പദ്ധതിയല്ലെന്നും അതുകൊണ്ട് പ്രവർത്തനം നിറുത്തിവയ്ക്കണമെന്നും കേന്ദ്ര സർക്കാർ അഭിപ്രായപ്പെടുകയുണ്ടായി.

ശ്രീ. എം. ഗോപാലൻകുട്ടിനായർ: കേന്ദ്ര സർക്കാർ അംഗീകരിക്കുന്നതിനുമുമ്പ് പ്രവർത്തനം തുടങ്ങിയതു് എന്താണ്?

ശ്രീ. ടി വി തോമസ്: സ്കീം കേന്ദ്രത്തിനയച്ചുകൊടുത്തതേയുള്ളു.

ശ്രീ. കെ. ഹസൻഗനി: കേന്ദ്രത്തിനഭിപ്രായപ്പെട്ട് ഈ പദ്ധതി അനുഭവിച്ചുകൂടേ?

ശ്രീ. ടി. വി. തോമസ്: കേന്ദ്രസർക്കാർ ഒരു പദ്ധതി അനുവദിക്കുകയുണ്ടായിട്ടുണ്ട്. അതനുസരിച്ചുള്ള പദ്ധതിമാത്രമേ ഇവിടെ നടത്താൻ അനുവദിക്കുകയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെ അനുമതി കിട്ടുന്നതിനുമുമ്പ് അതിനുവേണ്ടി സംഖ്യ നീക്കിവച്ചതു് എന്തിനാണ്?

ശ്രീ. ടി. വി. തോമസ്: കോഴിക്കോട് മുനിസിപ്പാലിറ്റി തയ്യാറാക്കിയ പദ്ധതി കേന്ദ്രസർക്കാരിനയച്ചുകൊടുത്തു. കേന്ദ്രത്തിന്റെ പദ്ധതിയുമായി അതു യോജിക്കുന്നില്ലാത്തതുകൊണ്ട് അതു നിറുത്തിവയ്ക്കുകയാണുണ്ടായതു്. മേല്പറഞ്ഞ ഉപാധിയോടുകൂടിയാണ് തുക അനുവദിച്ചിട്ടുള്ളതു്.

ശ്രീ. എം. ഗോപാലൻകുട്ടിനായർ: വേറെ ഏതെങ്കിലും മുനിസിപ്പാലിറ്റികൾക്കും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ലേ?

ശ്രീ. ടി. വി. തോമസ്: കോഴിക്കോട് മുനിസിപ്പാലിറ്റിമാത്രമാണ് പുതിയ ഒരു പദ്ധതി തയ്യാറാക്കിയതു്.

ഏകമുഖമായി മാറിയ സാധനങ്ങളുടെ വിൽപ്പനനികുതി.

*1519. [7] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതു സാധനങ്ങളുടെ ബഹുമുഖ വില്പനനികുതി ഏകമുഖമാക്കി മാറ്റി; അവ ഏതെല്ലാം;

(ബി) ഏകമുഖമാക്കി മാറ്റിയ സാധനങ്ങളുടെ വിൽപ്പനനികുതി അങ്ങനെ മാറ്റുന്നതിനുമുമ്പ് അതുത സാമ്പത്തികവർഷത്തിലും മാറ്റിയ ശേഷമുള്ള ഈ സാമ്പത്തിക വർഷത്തിലും എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly